FRIDAY 08-07-2022 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/07/2022.

1. കേന്ദ്രസർക്കാരുമായി സംയോജിച്ചു കൊണ്ട് നടപ്പിലാക്കുന്ന രണ്ട് ഇൻഷുറൻസ് പദ്ധതികളാണ് **പ്രധാനമന്ത്രി ഫസൽ ബീമാ യോജനയും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയും.** അതാതു സീസണുകളിൽ പദ്ധതി വിജ്ഞാപനം വന്നു കഴിഞ്ഞാൽ നിശ്ചിത തീയതിക്ക് മുമ്പായി അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, കൃഷിഭവനുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ ,കാർഷിക വായ്പ എടുത്തിട്ടുള്ള ബാങ്കുകൾ എന്നിവയിൽ ഏതെങ്കിലുമൊന്നുമായി ബന്ധപ്പെട്ട് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. പ്രധാനമന്ത്രി ഫസൽ ഭീമ യോജനയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെല്ലും എല്ലാ ജില്ലകളിലെയും വാഴയും മരച്ചീനിയും ആണ് വിജ്ഞാപനം ചെയ്തു വരുന്നത്. വിജ്ഞാപിത പ്രദേശത്ത് പ്രസ്തുത സീസണിലെ വിളവ് കിട്ടേണ്ടിയിരുന്ന വിളവിനേക്കാൾ കുറവാണെങ്കിലും കർഷകന് പദ്ധതിപ്രകാരം നഷ്ടപരിഹാരം നിബന്ധനകൾക്ക് അടിസ്ഥാനമായി ലഭിക്കുന്നതാണ് . കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വെള്ളപ്പൊക്കം, കാറ്റ്, ഉരുൾപൊട്ടൽ എന്നീ പ്രകൃതിക്ഷോഭങ്ങൾ നിമിത്തമുണ്ടാകുന്ന വിളനഷ്ടങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. പ്രധാനമന്ത്രി ഫസൽ ഭീമാ യോജനയിലും കാലാവസ്ഥധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും ഈ സീസണിൽ ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ് .

2. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിന്റെ കീഴിലുള്ള വിപണന കേന്ദ്രത്തിൽ നിന്നും ഇഞ്ചിയുടെ പ്രോട്രേയിലുള്ള തൈകൾ വിപണനത്തിന് ലഭ്യമാണ്. ഒരു മാസം വളർച്ചയുള്ള തൈകൾ ഒന്നിന് 3 രൂപ നിരക്കിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2383572** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2022-2023 **തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി** 20 സെന്റിൽ കൂടുതൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിന് സബ്സിഡി നൽകുന്നു. താൽപര്യമുള്ളവർ ഈ മാസം 10 (ജൂലൈ 10) വരെ വകുപ്പിന്റെ https://ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ആര്യനാട് ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ആകെ 11 വിഭാഗങ്ങളിലായാണ് അവാർഡുകൾ. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും 5 അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. വ്യക്തിഗത പുരസ്കാരങ്ങൾക്ക് നേരിട്ട് അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപേക്ഷകളും നാമനിർദ്ദേശങ്ങളും ലഭിക്കേണ്ട അവസാന തീയതി ഈ മാസം 31 (31.07.2022) ആണ്. കൂടുതൽ വിവരങ്ങൾക്കും പ്രൊഫോർമകൾക്കും www.keralabiodiversity.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കുഞ്ഞുങ്ങളുടെ ബുക്കിംഗ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഇന്നും ഈ മാസം 12-നും (ജൂലൈ 8,12) വിൽപ്പന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ (Black Bug) സാന്നിധ്യം കണ്ടുവരുന്നു. പകൽ സമയങ്ങളിൽ മണ്ണിനടിയിൽ ഒളിച്ചിരിക്കുന്നതിനാൽ ഇവയെ പെട്ടെന്ന് കണ്ടുപിടിക്കാൻ പ്രയാസമാണ്. തണ്ടുതുരപ്പന്റെയും എലിവെട്ടിനും സമാനമായ ലക്ഷണങ്ങൾ കണ്ടാൽ കരിഞ്ചാഴി ആക്രമണം സംശയിക്കാം. കൃഷിയിടത്തിൽ ഇറങ്ങി നോക്കി കീട സാന്നിദ്ധ്യം ഉറപ്പിച്ചതിന് ശേഷം മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക. വെളുത്തവാവിനും അതിനടുത്തുമുള്ള ദിവസങ്ങളിൽ കരിഞ്ചാഴികളെ കൂടുതലായി കാണാൻ സാധിക്കും. സംയോജിത നിയന്ത്രണ മാർഗങ്ങൾ അനുവർത്തിച്ച് കീടനിയന്ത്രണം സാദ്ധ്യമാക്കാം. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി **9383470697** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

7. **ഐ .സി. എ .ആർ –സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചിയുടെ ധന** സഹായത്തോടെ കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം പട്ടിക ജാതി പട്ടിക വർഗക്കാർക്കായി **മൽസ്യ സംസ്കരണം** എന്ന വിഷയത്തെ ആസ്പദമാക്കി 3 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ രണ്ടു ദിവസത്തിനകം **9656847169, 9995112620** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ബന്ധപ്പെടുക. ആദ്യം വിളിക്കുന്ന 20 പേർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

8. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **11 മുതൽ 16 വരെ** (ജൂലൈ 11 മുതൽ 16 വരെ) **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ ആറു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ ആയിരിക്കും പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുളളവർ ഇന്ന് **(ജൂലൈ 8) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പാലസ് പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**9.** മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഈ മാസം 15,16 (ജൂലൈ 15,16) തിയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത സ്നാക്സ് (snacks)'** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ഫീസ് 1000 രൂപയാണ്.** കൂടുതൽ വിവരങ്ങൾക്ക് **9744481598** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം **18 മുതൽ 23 വരെ** (ജൂലൈ **18 മുതൽ 23) ശാസ്ത്രീയ**

**പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734 299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

11. **കൊല്ലം സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലമായതിനാൽ കൃഷിയിടങ്ങളിൽ ഒച്ചിന്റെ ശല്യം രൂക്ഷമായി കണ്ടുവരുന്നു. ഇവയെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരിസരശുചിത്വവും മാലിന്യനിർമ്മാർജ്ജനവും അനിവാര്യമാണ്. വൈകുന്നേരങ്ങളിൽ നനഞ്ഞ ചണച്ചാക്ക് വിരിച്ച് ഒച്ചിനെ ആകർഷിക്കുന്ന പപ്പായ ഇലയോ പഴമോ / കാബേജില / ചോറ് /പുളിച്ച പഞ്ചസാര ലായനി തുടങ്ങിയവ നിരത്തുക. ഇങ്ങനെ ആകർഷിച്ച് കൂട്ടം കൂടുന്ന ഒച്ചുകളെ തോട് പൊട്ടിച്ചോ **പുകയിലകഷായം – തുരിശ്മിശ്രിതം** തളിച്ചോ നശിപ്പിക്കാവുന്നതാണ് **പുകയിലകഷായം – തുരിശ്മിശ്രിതം** തയ്യാറാക്കുന്ന വിധം ഇനി പറയുന്നു. 25 ഗ്രാം പുകയില ഒന്നര ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് ഒരു ലിറ്റർ ആക്കി തണുപ്പിച്ച ശേഷം ലായനി അരിച്ചു മാറ്റുക. 60 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ശേഷം രണ്ടുലായനികളും കൂട്ടിചേർത്ത് (2 ലിറ്റർ ) കൂട്ടം കൂടുന്ന ഒച്ചുകളുടെ മേൽതളിക്കുക. ഒരു ലിറ്റർ വെള്ളത്തിൽ 200 ഗ്രാം ഉപ്പ് കലക്കിയ ലായനി തളിച്ചും ഒച്ചുകളെ നശിപ്പിക്കാവുന്നതാണ്. ഇവയുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ **മെറ്റാൽഡിഹൈഡ് പെല്ലറ്റ് കെണി (സ്നെയിൽ കിൽ)** 2.5% വീര്യത്തിൽ 2 കിലോ ഒരു ഏക്കറിന് എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. പല സ്ഥലങ്ങളിലായി 2 – 3 പെല്ലറ്റ് എന്ന തോതിൽ വെച്ച് കൊടുക്കണം. വിഷക്കെണി ഉപയോഗിക്കുമ്പോൾ കുട്ടികളും വളർത്തുമൃഗങ്ങളും വളർത്തു പക്ഷികളും ഇതുമായി നേരിട്ട് സമ്പർക്കത്തിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കണം. ഒച്ചുകളെ ശേഖരിക്കുമ്പോൾ ഗ്ലൗസോ, പ്ലാസ്റ്റിക്ക് കവറുകളോ കയ്യിൽ ഉപയോഗിക്കേണ്ടതാണ്.